LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ഭാഗമായ ഡി.എഫ്.ഐ.ഡി.-യിൽ നിന്ന് 2001-02-ൽ 400 ലക്ഷം രൂപയും 2002-03-ൽ 367 ലക്ഷം രൂപയും 2001-02-ൽ ട്രൈബൽ ഹെൽത്ത് പ്രോഗാം സ്ട്രെങ്തണിംഗ് ഇമ്മ്യൂണൈസേഷൻ പ്രോജക്ട്, ന്യൂട്രീഷ്യൻ അവയർനെസ്സ് പ്രോഗ്രാം ഇവ നടപ്പാക്കുന്നതിന് യൂണിസെഫിൽ നിന്നും 20,79,168 രൂപയും പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ നടത്തിപ്പിന് ലോകാരോഗ്യസംഘടനയിൽ നിന്നും 26,40,500 രൂപയും യൂണിസെഫിൽ നിന്ന് 17 ലക്ഷം രൂപയും 2002-03-ൽ ട്രൈബൽ ഹെൽത്ത് പ്രോഗ്രാം, സ്ട്രെങ്തണിംഗ് ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം, ന്യൂട്രീഷ്യൻ അവയർനെസ് പ്രോഗ്രാം ഇവയുടെ നടത്തിപ്പിന് 29,19,050 രൂപയും പത്താം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ട്രൈബൽ ഹെൽത്ത് പ്രോജക്ടിന്റെ പ്രോജക്ട് തയ്യാറാക്കുന്നതിനായി 5 ലക്ഷം രൂപയും ഫസ്റ്റ് റഫറൽ യൂണിറ്റ് ഇൻഫൗസ് ട്രെയിനിംഗിനായി 2 ലക്ഷം രൂപയും യൂണിസെഫിൽ നിന്നും ലഭിക്കുകയുണ്ടായി.

(സി) റീപ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിനായി ലഭിച്ച തുക തെരഞ്ഞെടുത്ത ആരോഗ്യകേന്ദ്രങ്ങളിൽ ഏതു സമയത്തും പ്രസവം നടക്കുന്നതിനുള്ള സൗകര്യത്തിനും ഓപ്പറേഷൻ തിയേറ്ററുകളുടേയും ലേബർ റൂമുകളുടേയും നിർമ്മാണത്തിനും നവീകരണത്തിനും പാരാമെഡിക്കൽ ജീവനക്കാർക്കുള്ള പരിശീലനത്തിനും കോഴിക്കോട്, പാലക്കാട് ജില്ലകളിലുള്ള സബ്പ്രോജക്ട് നടപ്പാക്കലിനും ചെലവഴിച്ചു. യു.എൻ.എഫ്.പി.എ.യിൽ നിന്നും ലഭിച്ച തുക വയനാട്, കാസർഗോഡ് ജില്ലകളിൽ ഐ.പി.ഡി. പദ്ധതിക്കായി വിനിയോഗിച്ചു. ഇതിനായി ഇതുവരെ 7.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. യൂറോപ്യൻ കമ്മീഷനിൽ നിന്നും ലഭിച്ച തുക കൊല്ലം ജില്ലയിലെ വിവിധ ആരോഗ്യ പദ്ധതികൾക്കും ജീവനക്കാരുടെ സേവനവ്യവസ്ഥകൾ പുനർനിർണ്ണയിക്കുന്നതിനും പരിശീലന കേന്ദ്രത്തിന്റെ നവീകരണത്തിനും വകുപ്പിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനും വിനിയോഗിച്ചു. ജില്ലാ ലെപ്രസി സൊസൈറ്റികൾ വഴി എല്ലാ ജില്ലകളിലും കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിനും തുക ചെലവഴിക്കുകയുണ്ടായി. എയ്ഡ്സ് രോഗനിയന്ത്രണത്തിനും ബോധവൽക്കരണത്തിനും ബ്ലഡ് ബാങ്കുകളുടെ നവീകരണത്തിനും സംസ്ഥാനത്തെ മെഡിക്കൽ കോളേജാശു പത്രികൾ, ജില്ലാ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ എസ്.ടി.ഡി. ക്ലിനിക്കുകളിൽ മരുന്നും മറ്റു ഉപകരണങ്ങളും ലഭ്യമാക്കാനും വി.സി.ടി.സി. പ്രവർത്തനത്തിന് ആവശ്യമായ തുക ചെലവഴിക്കുന്നു.

സർക്കാർ ആശുപത്രികളിൽ മരുന്നുകൾ വാങ്ങുന്നതിന് ചെലവാക്കിയ തുക

139 (864) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-01, 2001-02, 2002-03 എന്നീ വർഷങ്ങളിൽ സർക്കാർ ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിന് ഓരോ വർഷവും എത്ര തുക വീതം ചെലവാക്കി ;

(ബി) ഈ കാലയളവിൽ മരുന്നു വിലയിലുണ്ടായ വർദ്ധന എത്ര ശതമാനമാണ് ;

(സി) അതതു സീസണിൽ പടർന്നു പിടിക്കുന്ന രോഗങ്ങൾ ചികിത്സിക്കുവാൻ ആവശ്യമായ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികൾക്കും നൽകുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഹോമിയോ മരുന്നിനും ഔഷധിയിൽ നിന്നുള്ള മരുന്നിനും വില വർദ്ധനയുണ്ടായിട്ടില്ല. മിക്കവാറും എല്ലാ അലോപ്പതി മരുന്നുകളുടേയും വിലയിൽ കുറവുണ്ടായി. ചുരുക്കം ചില മരുന്നുകൾക്ക് 10 മുതൽ 15% വരെ വർദ്ധനയുണ്ടായി.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം

140 (865) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെ ഉള്ള സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകളോ ഡോക്ടർമാരോ ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ഇല്ലാത്തതിനാൽ രോഗികൾ മരിക്കുവാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, ഇതിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സർക്കാർ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് സെൻട്രൽ പർചേസ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കപ്പെടാറുണ്ടോ ?

ഉത്തരം

(എ) അവശ്യമരുന്നുകളുടെയൊന്നും കാര്യത്തിൽ പരാതി ലഭിച്ചിട്ടില്ല. ഡോക്ടർമാരുടെ കുറവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശരിയല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly